# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

## പതിനാലാമത് റിപ്പോർട്ട്

**[ രജിസ്ട്രേഷൻ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് ]**

(2024 ജൂലൈ മാസം 9 - ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

## പതിനാലാമത് റിപ്പോർട്ട്

**[ രജിസ്ട്രേഷൻ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് ]**

AV

**ഉള്ളടക്കം**

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | : | 18 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

### ഘടന

**ചെയർപേഴ്സൺ**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

<u>**മുഖവുര**</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും പഴക്കം ചെന്നതും പൊതുജീവിതത്തിന്റെ സർവ്വതല സ്പർശിയുമായ രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്നും പ്രാഥമിക വിവര റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 31.05.2024 - ൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ തെളിവെടുപ്പ് ചർച്ചയുടേയും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾകൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ മാസം 4-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ജൂലൈ 9.

AV

# റിപ്പോർട്ട്

രജിസ്ട്രേഷൻ അഥവാ പതിയ്ക്കൽ എന്നത് മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച ആധികാരികത ഉറപ്പാക്കുന്ന രേഖയാണ്. ഇത് എല്ലാ തലങ്ങളിലുമുള്ള പൗരന്മാരുമായും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. രജിസ്ട്രേഷൻ നടപടികൾ ഓരോ പ്രത്യേക പ്രവർത്തനങ്ങൾക്കായി അതു സംബന്ധിച്ച പ്രത്യേകനിയമങ്ങളിലും കൂടാതെ മറ്റുള്ള പൊതുവായ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുനിയമത്തിലും വ്യവസ്ഥ ചെയ്തിരിക്കുന്നു.

2) രജിസ്ട്രേഷൻ വകുപ്പ് രാജ്യത്തിലെ തന്നെ പഴക്കം ചെന്ന ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നാണ്. ഏതൊരു പൗരന്റെയും ജിവിതത്തിൽ ഒരിയ്ക്കൽ അല്ലെങ്കിൽ മറ്റൊരിയ്ക്കൽ നിശ്ചയമായും കടന്നുപോകേണ്ടതായതും ജീവിത വ്യവഹാരങ്ങളിൽ സർവ്വതലസ്പർശിയായി നിലകൊള്ളുന്നതുമായ ഒരു സർക്കാർ വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ് . രജിസ്ട്രേഷൻ വകുപ്പ് പ്രധാനമായും കൈകാര്യം ചെയ്യുന്നത് വിവിധ തരത്തിലുള്ള ആധാരങ്ങളുടെ രജിസ്ട്രേഷൻ , വിവിധ വിവാഹ നിയമങ്ങളനുസരിച്ചുള്ള വിവാഹ രജിസ്ട്രേഷൻ , ഗഹാൻ രജിസ്ട്രേഷൻ, ഇതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ നൽകൽ , വസ്തു സംബന്ധമായ ബാധ്യതകൾ ഉണ്ടോയെന്നു പരിശോധിച്ച് സാക്ഷ്യപത്രം നൽകൽ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ, വിവിധ സംഘടനകൾ/ ട്രസ്റ്റുകൾ എന്നിവയുടെ രജിസ്ട്രേഷൻ എന്നിവയാണ്.

3) ഒരു വിഷയം സംബന്ധിച്ച് നിർണ്ണായകമായ അന്തിമരേഖ സൃഷ്ടിക്കുകയും അതു വഴി പ്രമാണത്തിന്റെ യഥാർത്ഥസ്വത്വം വെളിവാക്കി ഇതുമായി ബന്ധപ്പെട്ട ഇടപാടുകൾ കുറ്റമറ്റതാക്കി അതിന്മേലുണ്ടായേക്കാവുന്ന

കൃത്രിമം, വഞ്ചന അല്ലെങ്കിൽ തെറ്റായ പ്രയോഗങ്ങളും തുടർ ഇടപാടുകളും ഒഴിവാക്കുക എന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ലക്ഷ്യം. വസ്തുവകകളുടെ കൈമാറ്റം സംബന്ധിച്ച്, ഒരു വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ടൈറ്റിൽ ആധാരങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുകയും യഥാർത്ഥ ആധാരം നഷ്ടപ്പെടുന്ന വേളയിൽ വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശം ഉറപ്പാക്കുകയും ചെയ്യുക , വിവിധ വിധത്തിലുള്ള രജിസ്ട്രേഷൻ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തൽ നിർവ്വഹിക്കുക എന്നിവയും രജിസ്ട്രേഷൻ വകുപ്പിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടും.

4) കേരളത്തിലെ ആദ്യത്തെ രജിസ്ട്രാർ ഓഫീസ് 1865-ൽ മലബാർ മേഖലയിൽ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ് ആരംഭിച്ചത് . തുടർന്ന് 1868-ൽ തിരുവിതാംകൂറിലും 1875-ൽ കൊച്ചിയിലും ഇന്ന് നിലനിൽക്കുന്ന തരത്തിലുള്ള രജിസ്ട്രേഷൻ ഓഫീസുകൾ നിലവിൽ വരുകയുണ്ടായി. 1956 നവംബർ 1-ാം തീയതി കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് മൂന്ന് മേഖലകളിലുമുള്ള രജിസ്ട്രേഷൻ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ട്, 1908-ലെ രജിസ്ട്രേഷൻ ആക്ടിന് സംസ്ഥാനത്താകെ പ്രാബല്യം നൽകി രൂപീകരിച്ചതാണ് നിലവിലെ രജിസ്ട്രേഷൻ വകുപ്പ്.

5) മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന ധനാഭ്യർത്ഥന VII-ൻ കീഴിൽ മേജർ ഹെഡ് -2030 - രജിസ്ട്രേഷൻ സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗവും വകുപ്പിന്റെ പ്രവർത്തനങ്ങളും സംബന്ധിച്ച് പഠനം നടത്തുവാൻ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-16) തീരുമാനിക്കുകയും ആയതിനെത്തുടർന്ന് വകുപ്പിൽ നിന്നു പ്രാഥമിക വിവരം ശേഖരിക്കുകയുമുണ്ടായി. വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങളും ആയതിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും സമിതി അപഗ്രഥിക്കുകയും 31.05.2024-ൽ തിരുവനന്തപുരത്ത് യോഗം ചേർന്ന് നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻസ്പെക്ടർ ജനറൽ ഓഫ്

രജിസ്ട്രേഷൻ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുകയുമുണ്ടായി. രജിസ്ട്രേഷൻ സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനുമായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും വകുപ്പ് സമിതിയ്ക്ക് ലഭ്യമാക്കിയ മറുപടികളുടെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

6) സംസ്ഥാനത്ത് റവന്യൂ വരുമാനം സ്വരൂപിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് നികുതി വകുപ്പിന്റെ ഭാഗമായ രജിസ്ട്രേഷൻ വിഭാഗം . ഭൂമിയുടെ ക്രയവിക്രയത്തിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന ആധാരത്തിന്മേൽ ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന വരുമാന മാർഗ്ഗം. വകുപ്പിന്റെ അദ്ധ്യക്ഷൻ ഇൻസ്പെക്ടർ ജനറൽ ആണ്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ കീഴിൽ 4 മേഖലാ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും 315 സബ് രജിസ്ട്രാർ ഓഫീസുകളും പ്രവർത്തിക്കുന്നു.

7) വകുപ്പിന്റെ ആകെ നിയന്ത്രണവും ഭരണ ചുമതലയും നിറവേറ്റാൻ വകുപ്പദ്ധ്യക്ഷനായ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ സഹായിക്കുക , ആധാരമെഴുത്ത് സ്റ്റാമ്പ് വെണ്ടർമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുക, റിഫോംസ് & റിവ്യൂ സെക്ഷനുമായി ബന്ധപ്പെട്ട അപ്പീലുകൾ തീർപ്പാക്കുക, രജിസ്ട്രേഷൻ നിയമത്തിന് ഭേദഗതികൾ വരുത്തുന്നതിനും വ്യാഖ്യാനങ്ങൾ നൽകുന്നതിനും സഹായിക്കുക എന്നീ ചുമതലകൾ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ നിർവ്വഹിക്കുന്നു.

8) പരാതികളുടെ വിചാരണയും നടപടിയും, വിവരാവകാശ നിയമപ്രകാരമുള്ള

അപ്പീൽ അധികാരം, ആധാരം/കൈപ്പട ലൈസൻസ് നൽകാനുള്ള പരീക്ഷ നടത്തിപ്പും ലൈസൻസ് നൽകലും, ആധാരമെഴുത്ത് ലൈസൻസുകളെപ്പറ്റിയുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കുക, ജില്ലാ രജിസ്ട്രാർ ഓഫീസുകളുടെ പരിശോധനയും മേൽ നോട്ടവും എന്നിവയാണ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ പ്രധാന കർത്തവ്യങ്ങൾ.

9) രജിസ്ട്രേഷൻ നിയമം സെക്ഷൻ 30 പ്രകാരമുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്യൽ, അടച്ച വിൽപ്പത്ര കവർ സ്വീകരിക്കൽ, തിരികെ നൽകൽ, തുറക്കൽ, പ്രത്യേക നിയമപ്രകാരമുള്ള വിവാഹങ്ങൾ നടത്തി കൊടുക്കൽ, ആധാരങ്ങൾ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് സ്റ്റാമ്പ് ഡ്യൂട്ടി നിർണ്ണയിക്കൽ, വിലകുറച്ച് കാണിച്ച ആധാരങ്ങളിൻമേൽ നടപടികൾ സ്വീകരിക്കൽ , ചിട്ടി സംബന്ധമായ കേസുകളിലുള്ള തുടർ നടപടി, രജിസ്ട്രേഷൻ നിയമത്തിനു കീഴിൽ സമർപ്പിക്കുന്ന അപ്പീലുകളിന്മേൽ വിചാരണ നടത്തൽ, 1955-ലെ തിരുവിതാംകൂർ -കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും 1860-ലെ സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും അനുസരിച്ചുള്ള രജിസ്ട്രേഷൻ നടത്തുക എന്നീ കർത്തവ്യങ്ങൾ ജില്ലാ രജിസ്ട്രാറും നിർവ്വഹിച്ചു വരുന്നു.

10) ആധാരങ്ങൾ, ചിട്ടികൾ എന്നിവയുടെ രജിസ്ട്രേഷൻ, 1959-ലെ പ്രത്യേക വിവാഹ നിയമപ്രകാരമുള്ള മാര്യേജ് ഓഫീസർ എന്ന നിലയിൽ വിവാഹങ്ങൾ നടത്തിക്കൊടുക്കൽ, ആധാരങ്ങൾ, വിവാഹ നിയമപ്രകാരമുള്ള വിവാഹ രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകൽ , ഗഹാൻ/ഗഹാൻ റിലീസിംഗ് എന്നിവ ഫയൽ ചെയ്യൽ, ചിട്ടി മിനിട്സ്, ബാലൻസ് ഷീറ്റ് എന്നിവ ഫയൽ ചെയ്യൽ, വിൽപ്പത്ര വിചാരണ നടത്തൽ, വസ്തുക്കളുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകൽ, മുക്ത്യാറുകളുടെ സാക്ഷ്യപ്പെടുത്തൽ, ലിസ്റ്റ് സർട്ടിഫിക്കറ്റ് നൽകൽ, രജിസ്ട്രേഷൻ ഫീസ് റീഫണ്ട് അപേക്ഷ, വിൽപത്ര റദ്ദ് അപേക്ഷ എന്നിവ സ്വീകരിക്കൽ, 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമം , കൊല്ല

വർഷം 1095-ലെ കൊച്ചി ക്രിസ്ത്യൻ സിവിൽ വിവാഹ നിയമം എന്നിവ പ്രകാരമുള്ള വിവാഹ കർമ്മം നടത്തിക്കൊടുക്കൽ , സബ് രജിസ്ട്രാർ ഓഫീസുകളിലെ ജീവനക്കാരുടെ മറ്റ് ഭരണപരമായ കർത്തവ്യങ്ങൾ എന്നിവ സബ് രജിസ്ട്രാർമാരുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

11) <u>**രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന നിയമങ്ങൾ/ ചട്ടങ്ങൾ ചുവടെ ചേർക്കുന്നവയാണ്.**</u>

1. 1959-ലെ കേരളാ മുദ്രപ്പത്ര നിയമം
2. 1908-ലെ രജിസ്ട്രേഷൻ നിയമം
3. 1872-ലെ Evidence Act
4. 1872-ലെ Indian Contract Act
5. 1882-ലെ Transfer of Property Act
6. 1882-ലെ Indian Easement Act
7. 1982-ലെ കേരള ചിട്ടി ഫണ്ട് നിയമം
8. 2012 -ലെ കേരള ചിട്ടി ഫണ്ട് റൂൾസ്
9. 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ നിയമം
10. 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ -ശാസ്ത്ര-ധർമ്മാർത്ഥ സംഘങ്ങൾ രജിസ്ട്രേഷൻ നിയമം
11. 1961-ലെ കേരള നോൺ ട്രേഡിംഗ് കമ്പനി നിയമം
12. 1968-ലെ കേരള നോൺ ട്രേഡിംഗ് കമ്പനി നിയമം
13. 1968-ലെ കേരള നോൺ ട്രേഡിംഗ് കമ്പനി പൊതു ചട്ടങ്ങളും ഫാറങ്ങളും
14. 1932-ലെ ഇന്ത്യൻ പങ്കാളിത്ത നിയമം
15. 1959-ലെ പങ്കാളിത്ത രജിസ്ട്രേഷൻ ചട്ടങ്ങൾ

16. 1960-ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ
17. 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമം
18. കൊല്ലവർഷം 1095-ലെ കൊച്ചി ക്രിസ്ത്യൻ വിവാഹ നിയമം
19. 1958-ലെ പ്രത്യേക വിവാഹ ചട്ടങ്ങൾ

12) രജിസ്ട്രേഷൻ വകുപ്പിന്റെ 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച വരവ് -ചെലവ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.

13) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ വിലകുറച്ച് മുദ്രസലവെട്ടിപ്പ് നടത്തുന്നത് തടയുന്നതിനുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരം 06.03.2010-ൽ അന്തിമ ഫെയർ വാല്യൂ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആയത് കാലാകാലങ്ങളിൽ പുനർനിർണ്ണയം ചെയ്യേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. നിലവിൽ വസ്തുവിന്റെ മൂല്യവർദ്ധനയ്ക്കാനുപാതികമായി ഫെയർ വാല്യുവിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുന്നു. അപ്രകാരം നിലവിൽ വന്ന ന്യായവിലയെ അടിസ്ഥാനപ്പെടുത്തിയാണ് ആധാരങ്ങളിൽ അതിനു ശേഷം വസ്തുവിന്റെ മൂല്യം/പ്രതിഫലം രേഖപ്പെടുത്തിവരുന്നതെന്നും സമിതി കരുതുന്നു. 1986 മുതൽ മാർച്ച്, 2017 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി 2016-19 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (കോമ്പൗണ്ടിംഗ് സ്കീം) വകുപ്പ് നടപ്പിലാക്കിയിരുന്നതായും 70% മുദ്രയിളവ് നൽകിയും രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമാണ് ഈ പദ്ധതി നടപ്പാക്കി വന്നതെന്നും പ്രസ്തുത പദ്ധതി മാർച്ച് 2023 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ പ്രസ്തുത പദ്ധതിയിലൂടെ 97,542 കേസുകൾ തീർപ്പാക്കുകയും ആയതിലൂടെ 63.33 കോടി

രൂപ സമാഹരിക്കാൻ കഴിഞ്ഞതായും കൂടാതെ 5000/- രൂപവരെ കുറവ് മുദ്രയുള്ള കേസുകളിൽ തുടർനടപടി ഒഴിവാക്കി തീർപ്പാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. **01.04.2017 മുതൽ അണ്ടർ വാല്യുവേഷൻ സംബന്ധമായി ഏതെങ്കിലും കേസുകൾ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നുവെങ്കിൽ ആയവ തീർപ്പാക്കാനുള്ള അടിയന്തര നടപടി വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ/സഹകരണ സൊസൈറ്റികൾ എന്നിവ വായ്പയായി നൽകിയതോ നൽകാവുന്നതോ ആയ പണം ഈടാക്കുന്നതിനായി വായ്പക്കാരൻ തന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ പ്രസ്തുത സഹകരണ സംഘത്തിന് ഒരു പ്രത്യേക അവകാശം സൃഷ്ടിച്ചുകൊണ്ട് നൽകുന്ന പണയാധാരത്തിന് തുല്യമായ ഗഹാൻ ഫയൽ ചെയ്യുന്നതും വായ്പ അടച്ചുതീർത്ത ശേഷം ഒഴിമുറി അഥവാ ഗഹാൻ റിലീസ് ചെയ്യുന്നതും സംബന്ധിച്ച് സമിതി പരിശോധിക്കുകയുണ്ടായി. **ഒരു സ്ഥാവരജംഗമവസ്തു ഒന്നിൽ കൂടുതൽ സഹകരണ ബാങ്കുകൾ/സൊസൈറ്റികളിൽ പണയപ്പെടുത്തുന്നതു സംബന്ധിച്ചും മറ്റ് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തിയി - ട്ടുണ്ടോയെന്നതു സംബന്ധിച്ചും ഓൺലൈനായി അറിയുന്നതിന് നിലവിൽ സംവിധാനം ഇല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച വിവരം ഓരോ സബ് രജിസ്ട്രാർ ഓഫീസുകളിലും അറിയുന്നതിന് ഓൺലൈൻ സംവിധാനം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15) പണയാധാരങ്ങളുടെ രജിസ്ട്രേഷന് പ്രത്യേക നിയമമില്ലെന്നത് സമിതി പരിശോധിച്ചു. വസ്തു ഈട് വെച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് വയ്ക്കുന്നതിനും, ചെറുകിട വ്യവസായങ്ങൾക്കും വായ്പ എടുക്കുന്നതിന് ഈടാക്കുന്ന മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്ക് നിലവിൽ പരമാവധി പരിധി നിശ്ചയിച്ചിട്ടില്ലാത്തത് വായ്പയെടുക്കുന്നവർക്ക് അമിതധനഭാരം സൃഷ്ടിക്കുന്നുണ്ടെന്നത് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, **'ഡെപ്പോസിറ്റ് ഓഫ് ടൈറ്റിൽ ഡീഡ്സ്'-ന്റെ**

**<u>രജിസ്ട്രേഷൻ നിർബന്ധമാക്കാൻ രജിസ്ട്രേഷൻ ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>**

16) വസ്തുവകകളുടെ രജിസ്ട്രേഷൻ നിലവിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം മുഖേനയല്ല. സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പദ്ധതിയ്ക്ക് തുടക്കം കുറിച്ച സാഹചര്യത്തിൽ റവന്യൂ -സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ വെബ് പോർട്ടലുകളിലൂടെ നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി ഏകജാലക സംവിധാനം നടപ്പാക്കുന്നതിനായി 'എന്റെ ഭൂമി' എന്ന പേരിൽ പുതിയ ഒരു പോർട്ടൽ രൂപം നൽകിയിട്ടുള്ളതായും രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന പോർട്ടലിനെ 'എന്റെ ഭൂമി' പോർട്ടലുമായി സംയോജിപ്പിച്ചുകൊണ്ട് ഇതു പ്രാവർത്തികമാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സംവിധാനം നടപ്പിലാക്കുന്നതോടു കൂടി ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ആധാരം മടക്കി നൽകാൻ കഴിയുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഇതിന്റെ ഫലമായി ലഭിക്കുമെന്നും സമിതി വിലയിരുത്തുന്നു . ഡിജിറ്റൽ റീസർവ്വേയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ ശരിയായ വിസ്തീർണ്ണം , അതിരുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിലൂടെ ഓരോ വ്യക്തിക്കും / സ്ഥാപനത്തിനും സ്വന്തമായി കൈവശം വെച്ചിരിക്കുന്ന ഭൂമിയുടെ ശരിയായ രേഖകൾ ലഭിക്കുമെന്നും ഇത് അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി ഏറ്റെടുത്ത് സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമാകുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, **<u>ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കും ഏകജാലക പോർട്ടൽ എന്ന ആശയം പ്രാവർത്തികമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വകുപ്പ് നടപ്പിലാക്കുന്ന 'എന്റെ ഭൂമി' സംവിധാനം പൂർണ്ണ സജ്ജമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>**

17) സബ്‌രജിസ്ട്രാർ ഓഫീസുകളെല്ലാം ഓൺലൈൻ സംവിധാനത്തിലേയ്ക്ക്

മാറുന്ന സാഹചര്യത്തിൽ വസ്തുവിന്റെ പോക്ക്‌വരവ് നടപടികൾ റവന്യൂവകുപ്പുമായി സഹകരിച്ചുകൊണ്ട് ഓൺലൈനായി നടപ്പാക്കിവരുന്നതായി സമിതി വിലയിരുത്തുന്നു. **റീസർവ്വെ/ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന വില്ലേജുകളിലെ വസ്തുസംബന്ധമായുണ്ടാകാവുന്ന ഭൂമിയുടെ വിസ്തൃതി , അതിരുകൾ എന്നിവയിന്മേലുള്ള തിരുത്തലുകൾ സംബന്ധിച്ച് സബ്‌രജിസ്ട്രാർ ഓഫീസുകളിലും ആവശ്യമായ രേഖകളുടെ ക്രോഡീകരണം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18) സംസ്ഥാനത്ത് രജിസ്ട്രേഷനായി ഹാജരാക്കിവരുന്ന 19 ഇനം ആധാരങ്ങളുടെ മാതൃകകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകരിച്ചത് പൊതുജനങ്ങൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിന്റെ സൗകര്യാർത്ഥം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് സമിതി പരിശോധിച്ചു . നിലവിൽ ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം തുലോം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. **ആധാരങ്ങൾ മാതൃകാ പകർപ്പുകൾ നോക്കി തയ്യാറാക്കുന്നതിൽ പിശകുകൾ വരുന്നുണ്ടോയെന്നത് സബ് രജിസ്ട്രാർ ഓഫീസ് അധികാരി ശ്രദ്ധിക്കണമെന്നും ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിന് വകുപ്പ് ശ്രദ്ധ ചെലുത്തണമെന്നും ആധാരങ്ങൾ സ്വന്തമായി ഇ -സ്റ്റാമ്പിംഗ് പ്രയോജനപ്പെടുത്തി തയ്യാറാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

19) ആധാരവിവരങ്ങൾ കൃത്യതയോടെ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങളുടെ ഡാറ്റ എൻട്രി സബ്‌രജിസ്ട്രാർ ഓഫീസുകളിൽ പുരോഗമിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. **ആധാര രജിസ്ട്രേഷനുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിക്കുന്ന പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന പദ്ധതി താമസംവിനാ പൂർത്തീകരിക്കണമെന്നും നിലവിലെ ആധാരങ്ങൾ, സൂക്ഷിക്കേണ്ടതായ മറ്റു രേഖകൾ എന്നിവ**

**<u>കാലപ്പഴക്കം മൂലം നഷ്ടപ്പെടാതിരിക്കാൻ ഡിജിറ്റൈസ് ചെയ്യുന്നതിനോടൊപ്പം ബയന്റ് ചെയ്ത് സൂക്ഷിക്കുന്ന പ്രവൃത്തിയും പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>**

20) രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി മാന്വൽ സ്റ്റാമ്പുകൾ ഉപയോഗിക്കുന്നത് ഇപ്പോഴും തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കുറഞ്ഞ തുകയ്ക്കുള്ള മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ഉപയോക്താവിന് അധിക ബാധ്യത സൃഷ്ടിക്കുമെന്നതിനാൽ, **<u>നിലവിൽ ആധാര രജിസ്ട്രേഷനുള്ള മുദ്രപത്ര ലഭ്യത കൃത്യമായി ഉറപ്പുവരുത്തണമെന്നും കുറഞ്ഞ തുകയ്ക്കുള്ള മുദ്രപത്രങ്ങളുടെ ക്ഷാമം ഉണ്ടാകാതിരിക്കാനും ആയത് സുഗമമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>**

21) സബ്‌രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളിലെ വ്യാജമുദ്രപത്രങ്ങൾ തടയുന്നതിനായി വിവരസാങ്കേതികവിദ്യ യുടെ സഹായത്താൽ മുദ്രപത്രങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം വകുപ്പ് നടപ്പാക്കി വരുന്നത് സമിതി പരിശോധിച്ചു. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വില വരുന്ന മുദ്രപത്രങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ സംസ്ഥാനത്ത് ലഭ്യമാണെന്ന വസ്തുതയും സമിതിയ്ക്ക് ബോധ്യപ്പെട്ടു . സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ ഉപയോഗിച്ച ഇ-സ്റ്റാമ്പുകൾക്ക് ഡിഫേസിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതിനാൽ നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളുടെ കാര്യത്തിൽ തട്ടിപ്പിനുള്ള സാധ്യത ഇല്ലാതാകുമെന്നതും ഇത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും മുദ്രപ്പത്ര ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാനും കഴിയുന്നതാണെന്നും സമിതി വിലയിരുത്തുന്നു. **<u>വസ്തുവകകൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വന്തമായി ആധാരം തയ്യാറാക്കാനാഗ്രഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സംബന്ധമായ ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>**

22) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ കാലത്തിനനുസരിച്ച് നവീന സേവനം നൽകുന്നതിനായി ആധാരകക്ഷികളുടെ വിരലടയാളവും , ഫോട്ടോയും

ബയോമെട്രിക് സംവിധാനത്തിലൂടെ എടുത്ത് ഡിജിറ്റൈസ് ചെയ്ത് ആധാരത്തിന്റെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായും, സാക്ഷ്യപ്പെടുത്തിയ പകർപ്പായി സ്കാൻ ചെയ്ത് വകുപ്പിന്റെ സെർവറിൽ സൂക്ഷിക്കുന്ന കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പുമുള്ള അസ്സൽ ആധാരത്തിന്റെ പകർപ്പ് നൽകിവരുന്നതായും സമിതി നിരീക്ഷിക്കുന്നു. **ആധാരങ്ങളുടെ രജിസ്ട്രേഷൻ ഡിജിറ്റലൈസേഷനിലൂടെ നടത്തുന്നതിനും പ്രസ്തുത രീതിയിലുള്ള പകർപ്പുകൾ കക്ഷികൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും പൊതുജനങ്ങൾക്ക് പൊതുഅവധി ദിവസങ്ങളിൽകൂടി രജിസ്ട്രേഷൻ സൗകര്യം ലഭിക്കുന്ന രീതിയിൽ ഒരു സംവിധാനം ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

23) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന്റെ ഭാഗമായി ആധാരങ്ങൾ ഫോം രൂപത്തിൽ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള നടപടി വകുപ്പ് തുടങ്ങിയിട്ടുള്ളത് സമിതി പരിശോധിച്ചു. തുടക്കത്തിൽ ഇഷ്ടദാനം - ധനനിശ്ചയ ആധാരങ്ങളുടെ കൈമാറ്റ രജിസ്ട്രേഷനും തുടർന്ന് മറ്റുവിധ ആധാരങ്ങളുടെ രജിസ്ട്രേഷനും പ്രസ്തുത രീതിയിൽ ചെയ്യാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ ഭൂമി കൈമാറ്റം ചെയ്യുന്നവരുടെ വിവരവും , ഫോട്ടോയും, വിരലടയാളവും ഇലക്ട്രോണിക് സംവിധാനത്തിലൂടെ രേഖപ്പെടുത്തുകയും മുദ്രപത്രവില , രജിസ്ട്രേഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ചാൽ മതിയെന്നും എന്നാൽ ഇതു സംബന്ധിച്ച് രജിസ്ട്രാർ ഓഫീസുകളിൽ വിരലടയാളം നേരിട്ട് പതിപ്പിക്കേണ്ടതാണെന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ വ്യക്തി പരിശോധന നടത്തേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഓൺലൈനായി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലും സൗകര്യം ഒരുക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **ഓൺലൈനായി എല്ലാ തരത്തിലുമുള്ള ആധാരവും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24) ഒരു ജില്ലയ്ക്കകത്തെ ഏതു സബ്‌രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയുന്ന 'എനിവെയർ രജിസ്ട്രേഷൻ' സംവിധാനം സമിതി പരിശോധിച്ചു. സ്വന്തം ജില്ലയിലെ സൗകര്യപ്രദമായ ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രസ്തുത നൂതന സംരംഭം കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **ഓൺലൈൻ സൗകര്യം കൂടി പ്രയോജനപ്പെടുത്തി 'എനിവെയർ രജിസ്ട്രേഷൻ ' സംവിധാനം കാലികമായും പൂർണ്ണമായും നടപ്പാക്കണമെന്നും പ്രസ്തുത സംവിധാനം സംസ്ഥാന തലത്തിൽ നടപ്പാക്കുന്നതിനുള്ള സാധ്യത കൂടി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

25) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സേവനങ്ങളിൽ പല ന്യൂനതകളും നിലനിൽക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാധ്യതാ സർട്ടിഫിക്കറ്റുകൾ നിശ്ചിത കാലാവധി കഴിഞ്ഞാൽ ഓൺലൈൻ സംവിധാനത്തിൽ നിന്നും നീക്കുന്നത് ബാങ്കിംഗ് , ഇതര ധനകാര്യസ്ഥാപനങ്ങളുൾപ്പെടെയുള്ളവയ്ക്ക് പരിശോധനയ്ക്കായി ലഭ്യമാകാതെ വരുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ നിലവിൽ ലഭ്യമായ കാലാവധിയിലേയ്ക്ക് വീണ്ടും അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യവും ഒഴിവാക്കപ്പെടേണ്ടതാണെന്ന അഭിപ്രായവും സമിതിയ്ക്കുണ്ട്. ആയതിനാൽ **വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് സേവനാർത്ഥിക്ക് വ്യക്തിഗത ഓൺലൈൻ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ ഡിജിറ്റൽ ലോക്കർ സംവിധാനം നൽകി സേവനദാതാവിൽ നിന്നും ലഭ്യമായ സേവനങ്ങൾ പ്രസ്തുത പോർട്ടൽ മുഖേന ഏതുസമയത്തും ലഭ്യമാകുന്ന/പരിശോധിക്കാനാവുന്ന വിധത്തിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

26) ഒരു വ്യക്തി /സ്ഥാപനം സംസ്ഥാനത്ത്/രാജ്യത്ത് ഏതൊക്കെ സബ് രജിസ്ട്രാർ ഓഫീസുകളിൽ വസ്തുവകകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയുന്നതിന് നിലവിൽ ഏകീകൃത സംവിധാനം ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു . വസ്തുവകകളുടെ ഉടമസ്ഥാവകാശം സംബന്ധമായി റവന്യൂ വകുപ്പ് ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ നൽകുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് രജിസ്ട്രേഷന് ഉപയോഗപ്പെടുത്തുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. **യൂണീക് തണ്ടപ്പേർ/യൂണീക് ഐഡന്റിഫിക്കേഷൻ നമ്പർ സംവിധാനം രജിസ്ട്രേഷൻ മേഖലയിൽ സാർവ്വത്രികമായി നടപ്പിലാക്കുന്നതിന് സാധ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

27) വ്യക്തി/സ്ഥാപനത്തിന്റെ നികുതിദായകശേഷി സംബന്ധമായ വിവരങ്ങൾ സർക്കാർ അറിയുന്നതിനും, വ്യക്തി/സ്ഥാപനത്തിന്റെ വസ്തുവകകളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ പങ്കിടുന്നതിനും വകുപ്പിന്റെ നടപടികൾ പര്യാപ്തമാകണമെന്നും **രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ഏകീകൃത സോഫ്റ്റ് വയർ സംവിധാനത്തിലൂടെ കേന്ദ്ര , സംസ്ഥാന സർക്കാരുകൾക്ക് പങ്കിടാൻ സാധ്യമാകുന്നതാകണമെന്നും ആയത് ഇതര വകുപ്പുകൾക്ക് കൂടി വിവര ശേഖരണത്തിന് ഉതകുന്നതാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

28) സബ്‌രജിസ്ട്രാർ ഓഫീസുകളുടെ ആധുനികവത്കരണവും ഡിജിറ്റൈസേഷനും സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് കൃത്യമായ ഇന്റർനെറ്റ് സേവനവും ഡേറ്റ സൂക്ഷിക്കുന്നതിനാവശ്യമായ ശേഷി ഉറപ്പാക്കുന്ന സെർവർ സംവിധാനവും ആധുനികമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. **രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ കാലതാമസം കൂടാതെ ജനങ്ങൾക്ക് ലഭ്യമാകുന്നതിനായി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കി ആയവ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ**

**ചെയ്യുന്നു.**

29) സ്റ്റാർട്ട് അപ് സംരംഭങ്ങൾ വളരെയധികം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വ്യാവസായിക ഉന്നതി കൂടി പരിശോധിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച ഫീസ് നിരക്കുകളിൽ ഇളവ് നൽകുന്നത് പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

30) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് സ്ഥലവും കിടപ്പാടവും പുനരുപയോഗിക്കാൻ കഴിയാത്തവിധം നഷ്ടപ്പെട്ടവർക്ക് സർക്കാർ വിവിധ വകുപ്പുകൾ മുഖേന വസ്തു വാങ്ങുന്നതിനും വീടുവാങ്ങുന്നതിനും ധനസഹായം നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. **പ്രകൃതിദുരന്തങ്ങൾക്കിരയായവർക്ക് സർക്കാർ ധനസഹായത്തോടെ വസ്തുവാങ്ങുന്നതിനും വീടുവെയ്ക്കുന്നതിനും നിലവിലെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നു മതിയായ ഇളവ് നൽകുന്നത് പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

31) സംസ്ഥാനത്തെ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും ഇന്റർനെറ്റ് സെർച്ച് എഞ്ചിനായ ഗൂഗിളിന്റെ മാപ്പിംഗ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ഭൂരിഭാഗം എണ്ണവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ചില ഓഫീസുകളുടെ നിർമ്മാണം നിലവിൽ നടന്നു വരുന്നുവെന്നും സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടനിർമ്മാണം നടക്കാത്ത ചുരുക്കം ഓഫീസുകളെങ്കിലും ഉണ്ടെന്നതും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **സ്ഥലം ലഭ്യമായിട്ടും സ്വന്തമായി കെട്ടിടം ഇല്ലാത്ത സബ്‌രജിസ്ട്രാർ ഓഫീസുകൾക്കായി അടിയന്തരമായി കെട്ടിടനിർമ്മാണം ആരംഭിക്കണമെന്നും ഓഫീസ് കേന്ദ്രം മാറുന്ന മുറയ്ക്ക് ഗൂഗിൾ മാപ്പിംഗിലും ഇതു സംബന്ധിച്ച മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

32) സംഘടന രജിസ്ട്രേഷനും അനുബന്ധ രേഖകളും റിട്ടേണുകളും സമർ

പ്പിക്കുന്നത് സാധ്യമാകുന്നതിന് www.egroops.kerala.gov.in എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സംവിധാനത്തിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെയും കൂട്ടുകച്ചവട /പങ്കാളിത്ത സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ ലഭ്യമാകുമെന്നതും സമിതി നിരീക്ഷിക്കുന്നു. **www.egroops.kerala.gov.in എന്ന വെബ്സൈറ്റ് സംവിധാനം കാലോചിതമായ പരിഷ്കാരങ്ങളോടെ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

33) കേരളത്തിലെ ചിട്ടികളെല്ലാം ഈ വകുപ്പിന്റെ കീഴിലാണ് രജിസ്റ്റർ ചെയ്യുന്നത്. സംസ്ഥാന ചിട്ടി അഡ്മിനിസ്ട്രേഷന്റെ തലവൻ രജിസ്ട്രാർ ഓഫ് ചിറ്റ്സ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ് . സംസ്ഥാന തലത്തിൽ ചിട്ടിയുടെ പ്രവർത്തനങ്ങൾ ഹെഡ് ക്വാർട്ടേഴ്സിൽ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ് (ഹെഡ് ക്വാർട്ടേഴ്സ്) ആണ്. ജില്ലകളിൽ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ് (ജില്ലാ രജിസ്ട്രാർമാർ) ആണ് ചിട്ടി അഡ്മിനിസ്ട്രേഷൻ നിയന്ത്രിക്കുന്നത്. അവരെ സഹായിക്കാൻ ഒരു ചിട്ടി ഇൻസ്പെക്ടറും ഒരു ചിട്ടി ഓഡിറ്ററും ഓരോ ജില്ലയിലും ഉണ്ട്. സബ് രജിസ്ട്രാർ തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാ ർ ഓഫ് ചിറ്റ്സ് (സബ് രജിസ്ട്രാർമാർ) ആണ് ചിട്ടി നിയമം നടപ്പാക്കുന്നത്.

34) ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിനു (ഹെഡ് ക്വാർട്ടേഴ്സ്) കീഴിൽ ഒരു ചീഫ് പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ, ഒരു ജൂനിയർ സൂപ്രണ്ട് , 3 ക്ലാർക്കുമാർ എന്ന തസ്തികകളുണ്ട് . കാലാവധി പൂർത്തിയായ ചിട്ടികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരസ്യകരടുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ, ചിട്ടിയുമായി ബന്ധപ്പെട്ട വിവിധ കുറ്റങ്ങൾക്ക് പിഴയൊടുക്കിയ സംഗതികളിൽ ആയവ സാധൂകരിക്കുക, ചിട്ടിയുമായി ബന്ധപ്പെട്ട പരാതികളിൽ തീർപ്പുകൽപ്പിക്കുക. ചിട്ടി കമ്പനികളുടെ ശാഖകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുക ., ചിട്ടി ആർബിട്രേഷൻ കേസുകൾ

കൈകാര്യം ചെയ്യുക, ചിട്ടി ആക്റ്റ്, റൂൾ എന്നിവയിൽ ആവശ്യമായ ഭേദഗതികൾക്കുള്ള നിയമനിർമ്മാണം തടങ്ങിയവയാണ് ഈ ഓഫീസിന്റെ ചുമതലകൾ . കേന്ദ്ര ചിട്ടി നിയമ പ്രകാരം ചിട്ടി സംബന്ധിച്ച തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനായി 4 സോണൽ ഡി.ഐ.ജി.മാരെയും അവർക്ക് കീഴിൽ ചിട്ടി ആർബിട്രേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.

35) രജിസ്ട്രേഷൻ വകുപ്പ് മുഖേന നൽകുന്ന ഓൺലൈൻ സേവനങ്ങളിൽ ചിട്ടി രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത **സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിലൂടെ പൊതുജനങ്ങൾക്ക് ചിട്ടികളിൽ ചേരുന്നതിനുമുമ്പ് തന്നെ തങ്ങൾ ചേരുന്ന ചിട്ടികൾക്ക് നിയമപ്രാബല്യമുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുമെന്നതിനാൽ പ്രസ്തുത സംവിധാനം അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

36) 1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരമാണ് കമ്പനികൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. 1961 ലെ കേരള നോൺട്രേഡിംഗ് കമ്പനീസ് ആക്റ്റ് നിലവിൽ വന്നതിനു ശേഷമാണ് ടി കമ്പനികളുടെ രജിസ്ട്രേഷൻ നോൺ ട്രേഡിംഗ് കമ്പനി രജിസ്ട്രാറുടെ ഓഫീസിലേയ്ക്ക് മാറ്റപ്പെട്ടിട്ടുള്ളത്. ടി കമ്പനികളിൽ ഭൂരിഭാഗവും കേരള സംസ്ഥാന രൂപീകരണത്തിന് മുൻപ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷനുകൾ പ്രകാരമുള്ള ഫീസുകളാണ് ടി കമ്പനികളിൽ നിന്നും ഈടാക്കി വരുന്നത്. മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ നോട്ടിഫിക്കേഷൻ നമ്പർ GSR.268(E)dtd. 31.03.2014 പ്രകാരം നിലവിൽ ഫീസ് ഈടാക്കി വരുന്നുണ്ട്. നോൺ ട്രേഡിംഗ് കമ്പനീസ് ആക്റ്റ് പ്രകാരം കമ്പനികളിൽ നിന്നും രജിസ്ട്രേഷൻ ഫീസും , രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും ഹാജരാക്കുന്ന വാർഷിക റിട്ടേണുകൾ നിശ്ചിത സമയ

പരിധിക്കുള്ളിലാണെങ്കിൽ ആയതിനുവേണ്ട നിയമാനുസൃത ഫീസും സമയപരിധി കഴിഞ്ഞിട്ടാണെങ്കിൽ കാലാവധി കഴിഞ്ഞതിനുമേലുള്ള പിഴയും ഫീസും ഈടാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ട്രേഡിംഗ് കമ്പനി നിയമപ്രകാരമുള്ള സംഘടനകളിൽ ചുരുക്കം എണ്ണം ഒഴികെ ഭൂരിഭാഗം സംഘടനകളും കൃത്യമായ വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. ആയതിനാൽ, **റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാത്ത നോൺ ട്രേഡിംഗ് കമ്പനികളെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടിയും ഇവയുടെ പ്രവർത്തനം തുടരാതിരിക്കുന്നതിനുള്ള കരുതൽ നടപടികളും വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

37) രജിസ്ട്രേഷൻ വകുപ്പിൽ ഫേമുകളുടെ രജിസ്ട്രേഷൻ നടത്തുകയും , രജിസ്റ്റർ ചെയ്ത ഫേമുകളുടെ വിവരങ്ങൾ ഫേം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു . രജിസ്റ്റർ ചെയ്ത പാർട്ട്ണർഷിപ്പ് ഫേമുകളുടെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ കോപ്പി, ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു. രജിസ്റ്റർ ചെയ്ത പാർട്ണർഷിപ്പ് ഫേമുകളിൽ എന്തെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ ആ ഭേദഗതികൾ രേഖപ്പെടുത്തിയ നോട്ടീസ് ഫയൽ ചെയ്തശേഷം ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് അതിന്റെ രസീത് നൽകുന്നു. പാർട്ണർഷിപ്പ് ആക്ട്, റൂൾസ് എന്നിവ പ്രകാരമുള്ള പരാതിപരിഹാരം , വ്യവഹാരങ്ങളിൽ കോടതികളുടെ കൽപ്പന റിക്കാർഡുകൾ ഹാജരാക്കുക എന്നിവയും രജിസ്ട്രാർ ഓഫ് ഫേംസിന്റെ ചുമതലയിൽപ്പെടുന്നു . ഫേംസ് വിഭാഗത്തിന്റെ റിക്കാർഡ് റൂം ആധുനികവത്കരണം പൂർത്തിയായിട്ടുണ്ടെന്നും പാർട്ണർഷിപ്പ് ഫേം/സൊസൈറ്റി എന്നിവയുടെ രജിസ്ട്രേഷന് വേണ്ടിയുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

38) വിവിധ വിവാഹനിയമമനുസരിച്ചുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ നിലവിലെ ചട്ടങ്ങളും കോടതിവിധിയനുസരിച്ചുള്ള സർക്കുലറുകളും

നിലനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം നിലവിലുള്ളതായും സമിതി മനസ്സിലാക്കുന്നു. ആധുനിക ലോകത്ത് ഡിജിറ്റൽ സംവിധാനമുൾപ്പെടെ പ്രയോജനപ്പെടുത്തി വിവാഹ രജിസ്ട്രേഷൻ സാധ്യമാകുന്നതിന് കാലഘട്ടത്തിനനുസൃതമായും വിവിധ വിവാഹ നിയമങ്ങൾക്കനുസരിച്ചും ക്രോഡീകരിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

39) സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമിസംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമാക്കിയതിലും കൂടാതെ, എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം സാധ്യമാക്കുന്നതിനുള്ള ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ILMS)ഉം 'എന്റെ ഭൂമി' പോർട്ടൽ വഴി ആസൂത്രണം ചെയ്യുന്നുവെന്നതിലും ഇതുവഴി ഭൂമിസംബന്ധമായ സേവനങ്ങൾ നൽകിവരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ മൂന്ന് സുപ്രധാന വകുപ്പുകളിലെ ഭൂസേവനങ്ങളെ സംയോജിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം നൽകുന്ന ഏകജാലക ഓൺലൈൻ പ്ലാറ്റ്ഫോം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിലും സമിതി സന്തുഷ്ടി രേഖപ്പെടുത്തുന്നു. പ്രസ്തുത ഏകജാലക പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഭൂമി സംബന്ധമായ ഇടപാടുകൾ സുഗമമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

40) ഒരു രാഷ്ട്രത്തിന്റെ സമഗ്രമായ പുരോഗതി അതിലെ പൗരന്മാരുടെ ജീവിത നിലവാരസൂചികയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പൊതുജനങ്ങളുടെ ജീവിതനിലവാര പുരോഗതി അവർക്ക് സ്വായത്തമാകുന്ന അടിസ്ഥാനസൗകര്യങ്ങളായ ഭൂമി, പാർപ്പിടം, മറ്റ് അവശ്യസൗകര്യങ്ങൾ എന്നിവ നേടുന്നതിനുള്ള സാമ്പത്തികശേഷിയും സാമൂഹികമായ ഉന്നമനവും ചേർന്നതാണ്. ജനങ്ങളുടെ വാങ്ങൽ ശേഷിയും സാമ്പത്തികസ്ഥിതിയും അറിയുന്നതിനും ആവശ്യമായ സേവനങ്ങൾ എല്ലാവരിലും എത്തിക്കുന്നതിനും ജനങ്ങളുടെ സ്ഥാവരജംഗമ

സ്വത്തുക്കൾ സംബന്ധിച്ച ക്രോഡീകരിച്ച വിവരശേഖരണം സർക്കാരുകൾക്ക് അനിവാര്യമാണ്. ആയതിന് ഇതര വകുപ്പുകളുമായി ചേർന്നുള്ള വിവരശേഖരണവും വിവരം പങ്കിടലും ആവശ്യമാണ്. കൂടാതെ രാജ്യത്ത് പ്രവർത്തിച്ചുവരുന്ന വിവിധങ്ങളായ സംഘടനകൾ, ട്രസ്റ്റുകൾ, പങ്കാളിത്ത സംരംഭങ്ങൾ എന്നിവയും രാഷ്ട്രപ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിൽ ഉൾപ്പെടുന്നു . അപ്രകാരം കാലികമായും സമഗ്രമായും രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങളും പരിഷ്ക്കരിക്കുന്നത് നവകേരള സൃഷ്ടിയ്ക്കും നവഭാരത സൃഷ്ടിയ്ക്കും ശരിയായി ഉതകുമെന്നത് നിസ്തർക്കമാണ്.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ജൂലൈ 9.

## അനുബന്ധം

## 3 Years Budget Allocation

| | Head of Account | Budget Estimate 2021-22 | Budget Estimate 2022-23 | Budget Estimate 2023-24 |
|---|---|---|---|---|
| Non Plan | 2030-03-001-99 | 62964000 | 62234000 | 55687000 |
| | 2030-03-001-98 | 32589000 | 35597000 | 31292000 |
| | 2030-03-001-97 | 27266000 | 26332000 | 24870000 |
| | 2030-03-001-96 | 248845000 | 237118000 | 232156000 |
| | 2030-03-001-95 | 1720444000 | 1658551000 | 1622775000 |
| | 2030-03-001-94 | 8500000 | 8500000 | 8500000 |
| | **Total** | **2100608000** | **2028332000** | **1975280000** |
| Plan | 2030-03-001-93 | 52500000 | 57750000 | 61000000 |
| | 2030-03-001-90 | 40000000 | 44000000 | 44000000 |
| | 2030-03-001-87 | 112500000 | 122779000 | 125000000 |
| | **Total** | **205000000** | **224529000** | **230000000** |

| **Revenue Collection** | |
|---|---|
| **Year** | **Revenue Collection (In Cr.)** |
| 2021-22 | 4431.89 |
| 2022-23 | 5662.12 |
| 2023-24 | 5219.34 |

## 3 Years Expenditure

| | Head of Account | Expenditure 2021-22 | Expenditure 2022-23 | Expenditure 2023-24 |
|---|---|---|---|---|
| Non Plan | 2030-03-001-99 | 63535619 | 53671846 | 58514727 |
| | 2030-03-001-98 | 36115075 | 28568300 | 29450766 |
| | 2030-03-001-97 | 27804456 | 23825839 | 28287036 |
| | 2030-03-001-96 | 262471137 | 216572546 | 223746209 |
| | 2030-03-001-95 | 1819406227 | 1499658253 | 1587227241 |
| | 2030-03-001-94 | 7711347 | 8432690 | 7299133 |

| | | | | |
|---|---|---|---|---|
| | **Total** | **2217043861** | **1830729474** | **1934525112** |
| Plan | 2030-03-001-93 | 44732875 | 38513422 | 51940344 |
| | 2030-03-001-90 | 28863541 | 32267748 | 26858423 |
| | 2030-03-001-87 | 86099669 | 79268113 | 75185000 |
| | **Total** | **159696085** | **150049283** | **153983767** |